പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ :T*242

18/08/2017 ൽ
മറുപടിയ്ക്ക്

## കശുമാവ് കൃഷി വ്യാപനത്തിനായി പദ്ധതികൾ

ചോദ്യം
ശ്രീ. കെ.ബി.ഗണേഷ് കുമാർ

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുമാവ് കൃഷി വ്യാപനത്തിനായി നിലവിൽ നടന്നുവരുന്നതും പരിഗണനയിലുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) | കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്), പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം തൈകൾ), 'മുറ്റത്തൊരു കശുമാവ്' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം തൈകൾ) എന്നിവ വിതരണം ചെയ്തു വരുന്നു.<br>കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ)യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുമായി ചേർന്ന് തുടർ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കൃഷി,വനം, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് കശുമാവ് കൃഷി വിപുലമായി നടത്തുന്ന കാര്യം പരിഗണനയിലാണ്. കശുവണ്ടി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി, മറ്റ് വ്യവസായ ആവശ്യങ്ങൾക്കായി നീക്കിവച്ച വനഭൂമിയിലും തരിശായി കിടക്കുന്ന സർക്കാർ ഉടമസ്ഥതയിൽ ഉൾപ്പെടെയുള്ള ഭൂമിയിലും കശുമാവ് കൃഷി ചെയ്യാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ബഹു.മത്സ്യബന്ധന ഹാർബർ എഞ്ചിനിയറിംഗ് കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടെയും, വനം വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 24/5/2017 തീയതിയിൽ നടന്ന മീറ്റിംഗിൽ വച്ച് 300 ലധികം ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യാൻ സമ്മതിച്ച്; കൃഷി ആരംഭിച്ചിട്ടുണ്ട്. അടുത്ത വർഷം അത് വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിന് അനുയോജ്യമായ സ്ഥലം ആവശ്യത്തിന് ലഭ്യമല്ല എന്ന് കരുതുന്നുണ്ടോ ; | (ബി) | കരുതുന്നുണ്ട്. |
| (സി) | എങ്കിൽ സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിന് എടുത്ത് കശുമാവ് | (സി) | സംസ്ഥാനത്തിന് പുറത്ത് സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി |

| | | | |
|---|---|---|---|
| (ഡി) | കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>എങ്കിൽ, ഏത് സംസ്ഥാനത്ത്, ഏത് സ്ഥലത്ത്, എത്ര ഏക്കർ ഭൂമി എന്നും ആയത് ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ? | &<br>(ഡി) | ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. അതിന്റെ ഭാഗമായി ആന്ധ്ര സർക്കാരുമായി ബന്ധപ്പെട്ടിരുന്നെങ്കിലും ആന്ധ്ര സർക്കാർ മുന്നോട്ടു വെച്ച നിർദ്ദേശം സ്വീകാര്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. |

**സെക്ഷൻ ഓഫീസർ**